# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3172

13.03.2017 - ൽ മറുപടിക്ക്.

## ആശ്രയ പദ്ധതി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന ആശ്രയ പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) അഗതി പുനരധിവാസ പദ്ധതിയായ ആശ്രയയുടെ ഒന്നാം ഘട്ടം കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ആശ്രയ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കൾക്കായി രണ്ടാം ഘട്ട പദ്ധതിയിൽ നാളിതുവരെ 794 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 82483 കുടുംബങ്ങൾക്കും രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 64760 കുടുംബങ്ങൾക്കും പദ്ധതി മുഖാന്തിരം സഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതികൾക്കായി ചലഞ്ച് ഫണ്ടിനത്തിൽ 105 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടുംബശ്രീ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതിയ്ക്കായി 95.75 കോടി രൂപ ചലഞ്ച് ഫണ്ടിനത്തിൽ വിനിയോഗിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി തുകയിൽ നാളിതുവരെ 39.91 കോടി രൂപ കുടുംബശ്രീ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയുടെ കാലാവധി പൂർത്തീകരിച്ച സ്ഥാപനങ്ങളിൽ ടി പദ്ധതിയിൽ ഉൾപ്പെടുകയും നിലവിലും അഗതികളായി തന്നെ തുടരുകയും ചെയ്യുന്നവർക്കായി തുടർ സേവനപദ്ധതി തയ്യാറാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 200 ൽ പരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ തുടർസേവന പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |
| (ബി) ഈ പദ്ധതി വിപുലപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) 2017-18 സാമ്പത്തിക വർഷത്തോടു കൂടി കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ